(ബി) പ്രസ്തുത പട്ടയവിതരണത്തിനു നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അതു് എന്താണെന്നു് വ്യക്തമാക്കുമോ;

(സി) 2014 ഡിസംബർ 31-നു മുമ്പു് പ്രസ്തുത കുടുംബങ്ങൾക്കു് പട്ടയം നൽകുമെന്നുള്ള ഉറപ്പു് നടപ്പിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കുടുംബങ്ങൾക്കു് എന്നത്തേക്കു് പട്ടയം നൽകും എന്നു് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മണക്കാടു് വില്ലേജിലെ വരവിള, ചൂരൽത്തോപ്പു്, മുട്ടാറുവരമ്പു് തുടങ്ങിയ ഒണ്ടു പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്കു് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണു്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭൂരഹിതരായവർക്കു് ഭൂമി നൽകാൻ നടപടി

143 (1220) ശ്രീ. കോലിയക്കോടു് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഭൂരഹിതരായവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എത്ര;

(ബി) അവർക്കു് ഭൂമി നൽകുന്നതിലേക്കു് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ആയതിലേക്കു് എത്ര അപേക്ഷകളാണു് ലഭിച്ചതു്;

(സി) അപേക്ഷകർക്കു് ഭൂമി നൽകുന്നതിനു് ബന്ധപ്പെട്ടവർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണു്;

(ഡി) പട്ടയം നൽകിയവർക്കു് ഭൂമി ലഭിച്ചിട്ടുണ്ടോ; അതു് അവർ ഉപയോഗിക്കുന്നുണ്ടോ;

(ഇ) ഭൂമികേരള പദ്ധതി ഉദ്ഘാടനത്തിനു് നൽകിയ പട്ടയങ്ങൾക്കു് ഭൂമി ലഭിച്ചിട്ടുണ്ടോ; ഉപഭോക്താക്കൾ ആ ഭൂമി ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു് അറിയിക്കാമോ?

ഉത്തരം

(എ) ഭൂരഹിതരല്ലാത്ത കേരളം പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽ വിവിധ തലത്തിലുള്ള അന്വേഷണം നടത്തി 2,43,928 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ അർഹരായ ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി മൂന്ന് സെന്റ് ഭൂമിവീതം പ്രസ്തുത പദ്ധതിയിൽ നൽകിവരുന്നു. നാളിതുവരെ 3,59,038 അപേക്ഷകൾ പദ്ധതിയിലേക്ക് ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാംഘട്ടത്തിൽത്തന്നെ ഭൂമി അനുവദിക്കാൻ കഴിഞ്ഞു. രണ്ടാംഘട്ട പട്ടയവിതരണം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാം ഘട്ടത്തിൽ പട്ടയം നൽകിക്കഴിഞ്ഞു.

(ഡി) പട്ടയം നൽകിയതിനുശേഷം ഭൂമി പതിവ് ചട്ടപ്രകാരമാണ് ഭൂമി കൈമാറുന്നത്. കോടതി കേസുകൾ, മറ്റ് തർക്കങ്ങൾ എന്നിവ ബാധകമല്ലാത്ത മുഴുവൻ ഭൂമിയും കൈമാറിക്കഴിഞ്ഞിട്ടുണ്ട്.

(ഇ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിതരണം ചെയ്ത പട്ടയങ്ങളിൽ കോടതി കേസുകളിൽപ്പെട്ടവ ഒഴികെ ബാക്കിയുള്ളവയ്ക്കെല്ലാം ഭൂമി കൈമാറിയിട്ടുണ്ട്.

ഇ-ഗവേണൻസ് പദ്ധതി

144 (1221) <u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീ. പി. എ. മാധവൻ</u> :

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly